# മുതലാളിയും തൊഴിലാളിയും കൂട്ട്, മനുഷ്യജീവികൾ ഔട്ട്!

കഴിഞ്ഞ 35 വർഷമായി ഗ്രാസിം കമ്പനി ചെയ്യാമെന്നു പറഞ്ഞുകൊണ്ടിരിക്കുകയും ഒരിക്കലും ചെയ്യാതിരിക്കുകയും ചെയ്ത കാര്യമാണ് മലിനീകരണം നിയന്ത്രിക്കുക എന്നത്. ഒരു പ്രദേശത്തെ ജനജീവിതം മുഴുവൻ ക്യാൻസർകൊണ്ട് നിറച്ച ആ കമ്പനിയെ നിലനിർത്തുന്നതിൽ ഇന്നുവരെ സഹായിച്ചത് തൊഴിലാളിയൂണിയനുകളാണ്.

ഒരു ലക്ഷത്തോളം പേരെ ക്യാൻസറിനും അനുബന്ധ രോഗങ്ങൾക്കും വിട്ടുകൊടുത്തിട്ടായാലും മൂവായിരം പേരുടെ തൊഴിലിനു കുഴപ്പം വരരുതെന്ന് പറയുന്നതിൽ ഒരു ഉളുപ്പും തോന്നാത്ത മനുഷ്യനെത്തീനികളായ ഈ വർഗം ഇപ്പോൾ വീണ്ടും കമ്പനി മാനേജ്മെന്റിനുവേണ്ടി സജീവമായി രംഗത്തിറങ്ങിയിരിക്കയാണ്.

ഇനി മലിനീകരണ നിയന്ത്രണമല്ല, മരണ ഫാക്ടറി അടച്ചുപൂട്ടുകയാണ് വേണ്ടതെന്ന മുദ്രാവാക്യവുമായി ഉയർന്നുവന്ന ജനകീയ പ്രക്ഷോഭവും അതിന് കേരളത്തിനകത്തുനിന്നും പുറത്തുനിന്നും ലഭിക്കുന്ന പിന്തുണയും ഈ ജനവിരുദ്ധ തൊഴിലാളി പ്രസ്ഥാനങ്ങളെ അസ്വസ്ഥമാക്കിക്കഴിഞ്ഞു. അതുകൊണ്ട് ഫാക്ടറി അടയ്ക്കലല്ല, മലിനീകരണം കുറയ്ക്കലാണ് വേണ്ടതെന്ന മുദ്രാവാക്യവുമായി ഉഷാറാവുന്നുണ്ട് അവർ. ഇക്കാര്യത്തിൽ ബി.ജെ.പി.യുടെ തൊഴിലാളി സംഘടന മുതൽ നക്സൽ തൊഴിലാളി സംഘടനവരെ ഒറ്റക്കെട്ടാണ്.

ഈ ഐക്യംകണ്ട് കോൾമയിർക്കൊള്ളുക. മാവൂരിലെ കീടജനങ്ങളെ